**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1746** **12-09-2023 - ൽ മറുപടിയ്ക്ക്**

**കാർഷിക മേഖലയിലെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക മേഖലയിലെ ഉല്പാദനവും ഉല്പാദന ക്ഷമതയും കുറഞ്ഞുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (എ) | **കേരള സംസ്ഥാന ആസൂത്രണ ബോർഡ് പ്രസിദ്ധീകരിച്ച സാമ്പത്തിക അവലോകന റിപ്പോർട്ട് പ്രകാരം 2020-21ൽ 0.24 ശതമാനമായിരുന്ന കേരളത്തിന്റെ കാർഷിക വളർച്ചാ നിരക്ക് 2021-22 വർഷം ദേശീയ വളർച്ചാ നിരക്കിനേക്കാൾ ഉയർന്ന് 4.64% ആയിട്ടുണ്ട്.**<br><br>**ശാസ്ത്രീയ സമീപനത്തിലൂടെ വിളകളുടെ ഉത്പാദനവും ഉത്പാദനക്ഷമതയും കൂടുതൽ വർദ്ധിപ്പിക്കുന്നതിനും അതിലൂടെ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് വിവിധ വികസന പ്രവർത്തനങ്ങൾ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നു. പ്രധാന വിളകളായ നെല്ല്, പച്ചക്കറി, തെങ്ങ്, പഴവർഗ്ഗങ്ങൾ, സുഗന്ധ വ്യഞ്ജനങ്ങൾ എന്നിവയുടെ വിളവികസന പരിപാടികൾ ഇതിൽ ഉൾപ്പെടുന്നു. കാര്യക്ഷമമായ വിജ്ഞാന വ്യാപന സേവനങ്ങളിലൂടെ നൂതന ശാസ്ത്ര സാങ്കേതിക വിദ്യകളുടെ പ്രചരണവും അവ കർഷകർ സ്വീകരിച്ച് നടപ്പിലാക്കുന്നതും വിവിധ പദ്ധതികളിലൂടെ സാധ്യമാകുന്നു.** |

സെക്ഷൻ ഓഫീസർ